"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - പെരുമാന്നൂർ സി.സി.പി.എൽ. എം.എ.ഐ.എച്ച്.എസ്.എസ്.ലെ എഫ്.ടി.എം ശ്രീമതി ആൻസിലിയ ലിവേരോ ഫയൽ ചെയ്ത റിട്ട് ഹർജി നം.15596/2024-ൽ 12/04/2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4312/2024/GEDN തീയതി,തിരുവനന്തപുരം, 10-07-2024

---

പരാമർശം:-

1. ശ്രീമതി. അൻസിലിയ ലിവേറോ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയും (Ext.P9) 5/6/2024ലെ ന്യായവാദ പത്രികയും
2. റിട്ട് ഹർജി നം.15596/2024-ൽ 12/04/2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
3. എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 6/6/2024 തീയതിയിലെ 975/2024/B6 നമ്പർ റിപ്പോർട്ട്
4. എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 6/6/2024 തീയതിയിലെ DDEEKM/4333/2024-B2 നമ്പർ റിപ്പോർട്ട്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10/6/2024 തീയതിയിലെ DGE 7965/2024-EC3 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

പെരുമാന്നൂർ സി.സി.പി.എൽ.എം.എ.ഐ. ഹയർ സെക്കന്ററി സ്കൂളിലെ എഫ്.ടി.എം ശ്രീമതി ആൻസിലിയ ലിവേരോ ഫയൽ ചെയ്ത റിട്ട് ഹർജി നം.15596/2024-ൽ 12/04/2024 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള എക്സിബിറ്റ് പി 9 റിവിഷൻ ഹർജി പരിശോധിച്ച്, ബന്ധപ്പെട്ടവരെ നേരിൽ കേട്ട്, എക്സിബിറ്റ് പി3 സീരീസ് കൂടി കണക്കിലെടുത്ത് വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമായി 4 മാസത്തിനുള്ളിൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ 11.06.2024 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരി വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

**ഹർജിക്കാരിയുടെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.**

4. തന്നെ എഫ്.ടി.എം ആയി സി.സി.പി.എൽ.എം.എ.ഐ. എച്ച്.എസ്.എസ് പെരുമാനൂർ 01/06/2017 മുതൽ ശ്രീമതി. നെൽബൻ ഡുറോണ്ടോ എഫ്.ടി.എം.നെ ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ നിയമിച്ചു. തന്റെ നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് ഉത്തരവുണ്ടായിട്ടുള്ളതാണ്. എന്നാൽ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ തന്റെ നിയമനം 01/06/2017 മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ സാമ്പത്തിക ആനുകൂല്യത്തോടെയുമാണ് അംഗീകരിച്ച് ഉത്തരവായിരിക്കുന്നത്. തന്റെ 01/06/2017 മുതൽ 05/02/2021 വരെയുള്ള നിയമനം സാമ്പത്തിക ആനുകൂല്യത്തോടെ ആക്കി അംഗീകരിച്ച് കിട്ടാനാണ് ബഹു. കേരള ഹൈക്കോടതിയിൽ മേൽ നമ്പർ ഹർജി സമർപ്പിച്ചത്.

5. പൊതുവിദ്യാഭ്യാസ ഡയറക്ടർ 26/02/2021 തീയതിയിലെ എച്ച്2/19500/2019/ഡി.ജി.ഇ നമ്പർ സർക്കുലർ മുഖേനയും എയ്ഡഡ് സ്കൂളുകളിൽ 2016-2017 മുതൽ 2019-2020 വരെയുള്ള കാലയളവിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനാംഗീകാരം സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ആയതുപ്രകാരം 2016-2017 മുതൽ 2019-2020 വരെ അധിക തസ്തികയിൽ നിയമനം നൽകിയവർക്കാണ് മാനേജർമാർ സത്യപ്രസ്താവന സമർപ്പിക്കുന്ന മുറയ്ക്ക് നിയമന തീയതി മുതൽ നോഷണലായി അംഗീകാരം നൽകുന്നത്.

6. തന്റെ നിയമന തീയതിയായ 01/06/2017 മുതൽ 05/02/2021 വരെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുവാൻ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി റിവിഷൻ ഹർജി തീർപ്പാക്കണമെന്നതാണ് അപേക്ഷ.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ, എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്**

7. എറണാകുളം സെൻട്രൽ ബോർഡ് ഓഫ് ആംഗ്ലോ ഇന്ത്യൻ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള പെരുമാനൂർ സി.സി.പി.എൽ.എം.എ.ഐ. എച്ച്.എസ്.ലെ ഫുൾ ടൈം മീനിയൽ ആയിരുന്ന ശ്രീമതി നെൽബൻ ഡുറൻഡോയെ മാള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിലുള്ള എൽ .എ.ഐ.യു.പി.എസ്. കാട്ടുകുറ്റിയിൽ 01/06/2017 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി നിയമിച്ച ഒഴിവിൽ ശ്രീമതി ആൻസിലിയ ലിവേരോയെ എഫ്.ടി.എം ആയി 01/06/2017 മുതൽ മാനേജർ നിയമിച്ചു. ശ്രീമതി. നെൽബൻ ഡുറൻഡോയുടെ ഓഫീസ് അറ്റൻഡന്റ് നിയമനം അംഗീകരിക്കാത്തതിനാൽ ശ്രീമതി. ആൻസിലിയ ലിവേരോയെ നിയമിക്കുന്നതിനുള്ള ഒഴിവ് സ്ഥാപിതമായിരുന്നില്ല.

8. മേൽ മാനേജ്മെന്റ് സ.ഉ(പി) നം.10/10 തീയതി 12/01/2010-ലെ വ്യവസ്ഥകൾ പ്രകാരം ബോണ്ട് സമർപ്പിച്ച് 4 അധിക തസ്തികകളിൽ നിയമനാംഗീകാരം നേടിയിട്ടുള്ളതിനാലും തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ നിയമിക്കണം എന്ന വ്യവസ്ഥ മാനേജർ പാലിച്ചിട്ടില്ലാത്തതിനാലും ശ്രീമതി നെൽബൻ ഡുറൻഡോയുടെ പ്രൊമോഷൻ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് സ.ഉ (പി) 04/2021 ഖണ്ഡിക 6 അനുസരിച്ച് ശ്രീമതി ആൻസിലിയ ലിവേരോയുടെ നിയമനാംഗീകാരം പരിഗണിക്കാൻ ഉത്തരവ് നൽകിയിരുന്നു.

9. പ്രൊമോട്ടിയുടെ നിയമനം അംഗീകരിച്ചിട്ടുള്ളതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടുണ്ട്. 2017-

18 വർഷം രണ്ട് എഫ്.ടി.എം തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആയത് 2023-24 വർഷം തുടരുന്നുണ്ട്, 18/11/2018 ന് മുൻപുള്ള നിയമനം ആയതിനാൽ ഭിന്നശേഷി സംവരണം ബാധകമല്ല എന്നീ വസ്തുതകളുടെ അടിസ്ഥാനത്തിൽ സ.ഉ (പി) 04/2021 പ്രകാരം 01/06/2017 മുതൽ 05/02/2021 വരെ നോഷണൽ ആയും 06/02/2021 മുതൽ സാമ്പത്തിക ആനുകൂല്യത്തോടെയും ശ്രീമതി ആൻസിലിയ ലിവേരോയുടെ എഫ്.ടി.എം നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകി.

10. അധിക തസ്തിക നിയമനങ്ങൾക്കാണ് സ.ഉ.(പി) 04/2021 പ്രകാരം നോഷണൽ നിയമനാംഗീകാരം ഏർപ്പെടുത്തിയിട്ടുള്ളത്. ശ്രീമതി ആൻസിലിയ ലിവേരോയെ നിയമിച്ചിരിക്കുന്നത് അധിക തസ്തികയിൽ അല്ല മറിച്ച് സ്ഥാനക്കയറ്റം വഴി ഉണ്ടായ റഗുലർ ഒഴിവ് ആയതിനാൽ നിയമനാംഗീകാരം നോഷണലായി നൽകേണ്ട ആവശ്യമില്ല. മാത്രമല്ല ഹൈസ്കൂൾ വിഭാഗം പുതുതായി ഉയർത്തപ്പെട്ട സ്കൂളാണെങ്കിലും യു.പി വിഭാഗത്തിൽ ഒരു സംരക്ഷിതാധ്യാപകനെ 2008 മുതൽ തന്നെ മാനേജർ നിയമിച്ചിരുന്നു. ടിയാരി 2023 ൽ പെൻഷൻ ആകുന്നതുവരെയും തുടർന്നിരുന്നു.

11. മേൽ സാഹചര്യത്തിൽ ശ്രീമതി ആൻസിലിയ ലിവേരോയുടെ 01/06/2017 മുതലുള്ള ഫുൾ ടൈം മീനിയൽ നിയമനം, നിയമന തീയതി മുതൽ തന്നെ സാമ്പത്തികാനുകൂല്യത്തോടെ അനുവദിക്കാവുന്നതാണ്.

12. **സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു**

13. പെരുമാനൂർ സി.സി.പി.എൽ.എം.എ.ഐ.എച്ച്.എസ്.ലെ എഫ്.ടി.എം തസ്തികയിൽ 01/06/2017 മുതലുണ്ടായ സ്ഥാനക്കയറ്റ ഒഴിവിലേക്കാണ് 01/06/2017 മുതൽ ഹർജിക്കാരിയെ മാനേജർ നിയമിച്ചിട്ടുള്ളത്. എന്നാൽ മുൻഗാമിയുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിയ്ക്കാതിരുന്നതിനാൽ, ഒഴിവ് വ്യവസ്ഥാപിതമല്ല, അംഗീകൃത മാനേജരല്ല നിയമനം നടത്തിയത് തുടങ്ങിയ കാരണങ്ങളാൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയും ആയതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നല്കിയ അപ്പീലും നിരസിയ്ക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ടി സ്കൂൾ പുതുതായി ഉയർത്തപ്പെട്ട വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ എല്ലാ ഒഴിവുകളും സംരക്ഷിത അധ്യാപകരെ നിയമിക്കണം എന്ന നിർദ്ദേശം ഈ കേസിൽ പാലിച്ചിട്ടില്ല എന്നതും നിയമനാംഗീകാരം നിരസിക്കുന്നതിന് കാരണമായി പറയുന്നുണ്ട്. തുടർന്ന് ഹർജിക്കാരി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 15178/2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മുൻഗാമിയുടെ ഓഫീസ് അറ്റൻഡന്റ് നിയമനം അംഗീകരിയ്ക്കുന്ന മുറയ്ക്ക്, മറ്റു വിധത്തിൽ യോഗ്യമെങ്കിൽ 06/02/2021 ലെ GO(P) No.4/2021/GEDN ഉത്തരവ് ഖണ്ഡിക 6 പ്രകാരം അംഗീകരിച്ചു നല്കുവാൻ ഉത്തരവായിട്ടുണ്ട്.

14. 01/06/2017 മുതൽ മുൻഗാമിയായ ശ്രീ.നെൽബൻ ഡുറൻഡോയുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിയ്ക്കുകയും തുടർന്ന് എഫ്.ടി.എം തസ്തികയിലെ ഒഴിവ് വ്യവസ്ഥാപിതമായതിന്റെ അടിസ്ഥാനത്തിൽ GO(P) No.4/2021/GEDN തീയതി 06/02/2021, ഖണ്ഡിക (6) പ്രകാരം ഹർജിക്കാരിയുടെ നിയമനം അംഗീകരിച്ചു നല്കി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01/06/2017 മുതൽ 5/02/2021 വരെ നോഷണൽ ആയും 06/02/2021 മുതൽ

സാമ്പത്തിക ആനുകൂല്യത്തോടെയുമാണ് ഹർജിക്കാരിയുടെ എഫ്.ടി.എം നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നല്കിയിട്ടുള്ളത്. എന്നാൽ റഗുലർ ഒഴിവിൽ നിയമിച്ചിട്ടുളളതിനാൽ, 01/06/2017 മുതൽ 05/02/2021 വരെയുള്ള തന്റെ നിയമനം സാമ്പത്തിക ആനുകൂല്യത്തോടെ അംഗീകരിച്ചു നല്കുന്നതിനാണ് ടിയാരി നിലവിലെ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്. ടിയാരിയുടെ റിവിഷൻ ഹർജി തീർപ്പു കല്പിക്കുമ്പോൾ എക്സിബിറ്റ് പി3 സീരിസിന്റെ കൂടി പരിഗണിയ്ക്കണമെന്ന് വിധിന്യായത്തിൽ പരാമർശിച്ചിട്ടുണ്ട്. എക്സിബിറ്റ് പി3 സീരീസ് താഴെപ്പറയുന്നവയാണ്.

Exhibit P3 - True copy of List of Protected Teachers working in different schools under the management of Central Board of Anglo Indian Education

Exhibit P3(a) - True copy of order No.B5/16132/18 dated 26/07/2019 issued by the 3rd respondent deploying protected teachers in the district of Ernakulam

Exhibit P3(b) - True copy of order No. B5/16132/19(2) dated 20/07/2019 issued by the 3rd respondent deploying protected Teachers in the district of Ernakulam

15. ടി സ്കൂളിന്റെ യു.പി. വിഭാഗത്തിൽ ഒരു സംരക്ഷിതാദ്ധ്യാപകനെ 2008 മുതൽ തന്നെ നിയമിയ്ക്കുകയും ടിയാൾ 2023-ൽ പെൻഷൻ ആകുന്നതുവരെ ടി സ്കൂളിൽ തുടരുകയും ചെയ്തിട്ടുള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

16. 26/02/2021ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ H2/19500/2019/DGE നമ്പർ സർക്കുലറിൽ എയ്ഡഡ് സ്കൂളുകളിൽ 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിലെ അധിക തസ്തികകളിൽ നിയമനം നൽകിയവർക്ക് മാനേജർമാർ സത്യപ്രസ്താവന സമർപ്പിക്കുന്ന മുറയ്ക്ക് നിയമന തീയതി മുതൽ നോഷണലായും 06/02/2021 മുതലുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാവുന്നതാണെന്ന് സ്പഷ്ടീകരണം നല്കിയിട്ടുണ്ട്. ഇവിടെ ഹർജിക്കാരിയെ നിയമിച്ചിട്ടുള്ളത് അധിക തസ്തികയിലല്ല. മറിച്ച് സ്ഥാനക്കയറ്റം മൂലമുണ്ടായ വ്യവസ്ഥാപിത ഒഴിവിലേക്കാണ്. 2017-18 വർഷം ടി സ്കൂളിൽ 2 എഫ്.ടി.എം തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും ആയത് 2023-24 വർഷം തുടരുന്നുവെന്നും 18/11/2018ന് മുൻപുള്ള നിയമനമായതിനാൽ ഭിന്നശേഷി സംവരണം ബാധകമല്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിൽ പറയുന്നു.

17. അധിക തസ്തികകൾക്കാണ് 06/02/2021 ലെ GO(P) No.4/2021 പ്രകാരം നോഷണൽ നിയമനാംഗീകാരം ഏർപ്പെടുത്തിയിട്ടുള്ളതെന്നും, ഹർജിക്കാരിയെ അധിക തസ്തികയിലല്ല, മറിച്ച് സ്ഥാനക്കയറ്റം മൂലമുണ്ടായ റഗുലർ ഒഴിവ് ആയതിനാൽ നിയമനാംഗീകാരം നോഷണലായി നൽകേണ്ട ആവശ്യമില്ലെന്നും, ടി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം പുതുതായി ഉയർത്തപ്പെട്ട സ്കൂളാണെങ്കിലും യു.പി. വിഭാഗത്തിൽ ഒരു സംരക്ഷിതാദ്ധ്യാപകനെ 2008 മുതൽ തന്നെ മാനേജർ നിയമിക്കുകയും ടിയാരി 2023 ൽ പെൻഷൻ ആകുന്നതുവരെ തുടരുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഹർജിക്കാരിയുടെ 01/06/2017 മുതലുള്ള എഫ്.ടി.എം നിയമനം നിയമനത്തീയതി മുതൽ തന്നെ സാമ്പത്തികാനുകൂല്യത്തോടെ അനുവദിയ്ക്കാവുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

18. മേൽപ്പറഞ്ഞ വസ്തുതകളുടേയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ 01/06/2017 മുതൽ എഫ്.ടി.എം. തസ്തികയിലെ നിയമനം ശമ്പള സ്കെയിലിൽ അനുവദിയ്ക്കാനും ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കിക്കൊണ്ട് അപ്രകാരം ശ്രീമതി ആൻസിലിയ ലിവേരോ ഫയൽ ചെയ്ത റിട്ട് ഹർജി നം.15596/2024 ന്മേൽ 12/04/2024 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീമതി. ആൻസിലിയ ലിവേരോ, എഫ്.ടി.എം., പെരുമാനൂർ സി.സി.പി.എൽ.എം.എ.ഐ. ഹയർ സെക്കന്ററി സ്കൂൾ, കൊച്ചി-682 015
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Resmi Babu
Date: 11-07-2024 11:21:25
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.